**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 2

# വാർത്താക്കുറിപ്പ്

---

## എം.ടെക് - അഡ്വാൻസ്ഡ് പോളിമെറിക് മെറ്റീരിയൽ സ്

മഹാത്മാഗാന്ധി സർവ്വകലാശാല - ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജി (ഐ.ഐ.യു.സി.എൻ.എൻ.) നടത്തുന്ന എം.ടെക് പ്രോഗ്രാം ഇൻ അഡ്വാൻസ്ഡ് പോളിമെറിക് മെറ്റീരിയൽസ് - പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഇതിലേക്കുള്ള രജിസ്ട്രേഷൻ് ഏപ്രിൽ അഞ്ച് മുതൽ 25 വരെ www.cat.mgu.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി നടത്താം. പൊതുവിഭാഗത്തിന് 1100 രൂപയും എസ്.സി./ എസ്.റ്റി. വിഭാഗത്തിന് 550 രൂപയുമാണ് അപേക്ഷാ ഫീസ്. എൻട്രൻസ് പരീക്ഷ മെയ് 29 ന് തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ പരീക്ഷാ കേന്ദ്രങ്ങളിൽ നടത്തും. യോഗ്യത, സീറ്റുകളുടെ എണ്ണം, പ്രവേശന പരീക്ഷ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ www.cat.mgu.ac.in എന്ന വെബ്സൈറ്റിലും 0481 2733595 എന്ന ഫോൺ നമ്പറിലും ലഭിക്കും. cat@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലും വിവരങ്ങൾ ലഭ്യമാണ്.

(പി.ആർ.ഒ./39/399/2022)

## അപേക്ഷാ തീയതി പുനക്രമീകരിച്ചു

മൂന്നാം സെമസ്റ്റർ എം.എ., എം.എസ്.സി., എം.കോം., എം.സി.ജെ., എം.ടി.എ., എം.എച്ച്.എം., എം.എം.എച്ച്., എം.ടി.ടി.എം. (2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി) / എം.എസ്.ഡബ്ല്യു. (2019 അഡ്മിഷൻ - സപ്ലിമെന്ററി) (സി.എസ്.എസ്.) പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള തീയതി പുനക്രമീകരിച്ചു. പിഴയില്ലാതെ ഏപ്രിൽ നാല് മുതൽ ആറ് വരെയും 525 രൂപ പിഴയോടു കൂടി ഏപ്രിൽ ഏഴ് മുതൽ എട്ട് വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ 11 നും അപേക്ഷിക്കാം. പരീക്ഷകൾ ഏപ്രിൽ മൂന്നാം വാരത്തോടു കൂടി ആരംഭിക്കും.

(പി.ആർ.ഒ./39/400/2022)

മൂന്നാം സെമസ്റ്റർ എം.എ., എം.എസ്.സി., എം.കോം., എം.എസ്.ഡബ്ല്യു., എം.സി.ജെ., എം.ടി.എ., എം.എച്ച്.എം., എം.എം.എച്ച്., എം.ടി.ടി.എം. (2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി/ 2015, 2014, 2013, 2012 അഡ്മിഷൻ - മേഴ്സി ചാൻസ്) (സി.എസ്.എസ്.) പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള തീയതി പുനക്രമീകരിച്ചു. പിഴയില്ലാതെ ഏപ്രിൽ 18 മുതൽ 20 വരെയും 525 രൂപ പിഴയോടു കൂടി ഏപ്രിൽ 21 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ 22 നും അപേക്ഷിക്കാം. അപേക്ഷിക്കേണ്ട വിധം, മേഴ്സി ചാൻസ് ഫീസ് സംബന്ധിച്ച വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ. പരീക്ഷാ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ./39/401/2022)

## വൈവാ വോസി രജിസ്ട്രേഷൻ

എം.എ. സോഷ്യോളജി പ്രൈവറ്റ് രജിസ്ട്രേഷൻ (2018 അഡ്മിഷൻ - സ്പെഷ്യൽ സപ്ലിമെന്ററി) വൈവാ വോസിക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള Google Form സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. രജിസ്ട്രേഷൻ നടത്താനുള്ള അവസാന തീയതി ഏപ്രിൽ അഞ്ചിന് അഞ്ച് മണി വരെ.

(പി.ആർ.ഒ./39/402/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ